## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരമുള്ള റോഡുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1042 — 30-09-2016 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| ശ്രീ. ആർ. രാമചന്ദ്രൻ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2011-16 വർഷത്തിൽ എത്ര കിലോമീറ്റർ റോഡ് നിർമ്മിച്ചു; അവയുടെ പേരുവിവരവും ദൈർഘ്യവും സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2011-16 വർഷത്തിൽ റോഡുകൾ ഒന്നുംതന്നെ നിർമ്മിച്ചിട്ടില്ല. |
| (ബി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ പ്രത്യേകതകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകൾ ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് (ഐ.ആർ.സി) നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് നിർമ്മിക്കുന്നത്. അതനുസരിച്ച തയ്യാറാക്കിയ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉറപ്പു വരുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രത്യേകം സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസികളെ (എസ്.റ്റി.എ) ചുമതലപ്പെടുത്തിയിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിഗ്, തിരുവനന്തപുരം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് എന്നീ സ്ഥാപനങ്ങളെയാണ് എസ്.റ്റി.എ.കളായി സംസ്ഥാനത്ത് ചുമതലപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് തയ്യാറാക്കുന്ന പദ്ധതി രൂപരേഖ എസ്.റ്റി.എ.യുടെ അംഗീകാരത്തോടെ മാത്രമേ കേന്ദ്ര സർക്കാർ പരിഗണിക്കുകയുള്ളൂ. പദ്ധതി പ്രകാരം റോഡുകൾ നിർമ്മിക്കുന്നതിനുള്ള കരാർ നൽകുന്നത് നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷമുള്ള 5 വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾ അടക്കമാണ് എന്നുള്ളത് ഈ പദ്ധതിയുടെ പ്രത്യേകതയാണ്. പ്രസ്തുത റോഡുകൾക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ റോഡ് ഡവലപ്മെന്റ് ഏജൻസി (എൻ.ആർ.ആർ.ഡി.എ) നിശ്ചയിക്കുന്ന 3 തലത്തിലുള്ള ഗുണനിലവാര പരിശോധനാ സംവിധാനത്തിലാണ് നിർമ്മാണം പൂർത്തീകരിക്കുന്നത്. റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വതന്ത്ര ചുമതലയുള്ള സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാരും നാഷണൽ ക്വാളിറ്റി മോണിറ്റർമാരെ കേന്ദ്ര സർക്കാരും നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ സമയാസമയങ്ങളിലെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി നേരിട്ട് വിലയിരുത്തു ന്നതിന് വേണ്ടി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി ഓൺലൈൻ മാനേജ്മെന്റ് മോണിറ്ററിംഗ് ആന്റ് അക്കൗണ്ടിംഗ് സിസ്റ്റം കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിനുള്ള കരാർ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം ഓൺലൈൻ ടെണ്ടർ ക്ഷണിക്കുന്നതും കരാർ ഉറപ്പിക്കുന്നതും കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ റോഡ് ഡവലപ്മെന്റ് ഏജൻസി (എൻ.ആർ.ആർ.ഡി.എ) നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്കുമെന്റ് പ്രകാരമാണ്. റോഡുകൾ നിർമ്മിക്കുന്നതിനുള്ള കരാർ ഉറപ്പിക്കുന്നത് നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷമുള്ള 5 വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾ അടക്കമുള്ള തുകയ്ക്കാണ്. നിർമ്മാണം പൂർത്തീകരിച്ച് 5 വർഷത്തിനുള്ളിൽ നിർമ്മാണ വൈകല്യംമൂലം റോഡിനുണ്ടാകുന്ന കേടുപാടുകൾ കരാറുകാരൻ സ്വന്തം നിലയ്ക്ക് ചെയ്തു തീർക്കേണ്ടതും ഇതിനുവേണ്ട സെക്യൂരിറ്റിയായി കരാർ തുകയുടെ 2.5% സെക്യൂരിറ്റിയായി കരാറുകാരിൽ നിന്നും ഈടാക്കുകയും ടി തുക റോഡ് നിർമ്മാണവും, 5 വർഷത്തെ മെയിന്റനൻസ് കാലാവധിയും തൃപ്തികരമായി പൂർത്തിയായാൽ മാത്രമേ കരാറുകാരന് മേൽപ്പറഞ്ഞ സെക്യൂരിറ്റി തുക തിരിച്ച് നൽകുകയുള്ളൂ. |
| (ഡി) | ഈ പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ 2016-17 വർഷത്തിൽ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന റോഡുകളുടെ ലിസ്റ്റും വിശദാംശങ്ങളും വ്യക്തമാക്കുമോ ? | (ഡി) | ഡി.പി.സി അംഗീകാരം ലഭിച്ച ലിസ്റ്റിൽ നിന്നും പ്രയോറിറ്റി മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി എസ്.എൽ.സി അംഗീകരിച്ച 29.267 കി.മീ റോഡിന്റെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ബ്ലോക്ക് | റോഡിന്റെ പേര് | ദൈർഘ്യം (കി.മി) |
|---|---|---|
| അഞ്ചൽ | ചണ്ണപെട്ട മുർത്തികാവ് കോടന്നൂർ റോഡ് | 3.776 |
| | നെടുപാറ കുറവൻ താവളം-മാമ്പഴത്തറ റോഡ് | 10.061 |
| ചടയമംഗലം | പുല്ലപ്പന - കഞ്ഞിക്കുഴി റോഡ് | 1.725 |
| | മുരുക്കുമൺ - കമ്പനില - ഇടത്തറ റോഡ് | 3,95 |
| ഇത്തിക്കര | കിനറുമുക്ക് - ദേവി സ്കൂൾ റോഡ് | 1.693 |
| ശാസ്താംകോട്ട | കരിംതോട്ടുവ കാട്ടുവിള ജംഗ്ഷൻ കുന്നത്തൂർ ബ്രിഡ്ജ് റോഡ് | 4.107 |
| | കൊല്ലന്റെമുക്ക് - മുതുവിലക്കാട് റോഡ് | 3.955 |
| ആകെ | | 29.267 |

സെക്ഷൻ ഓഫീസർ